റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഇന്റർനെറ്റ് കണക്ഷനുള്ള മൊബൈൽ ഫോൺ ഉപയോഗിച്ച് ബ്രൗസർവഴി അപേക്ഷ നിലവിൽ നൽകാവുന്നതാണ്. എന്നാൽ ഇതിനായി മാത്രമുള്ള മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ അപേക്ഷയുടെ തൽസ്ഥിതി Android Application വഴി, ടി സംവിധാനത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫോണിലൂടെ അറിയാനും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമാണ്.

(ബി) 24 തരം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതിയിലൂടെ മേൽപ്പറഞ്ഞ പ്രകാരം വിതരണം ചെയ്യുവരുന്നു.

(സി) കേരള സംസ്ഥാന ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ, അക്ഷയ കേന്ദ്രങ്ങൾ എന്നിവരുടെ സാങ്കേതിക സഹായമാണ് ഇത്തരത്തിൽ നൽകി വരുന്നത്.

ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് പദ്ധതി

29 (*269) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതി മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ജനങ്ങളുടെ യാത്രാക്ലേശവും ബുദ്ധിമുട്ടും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യം നേരിടുന്നതിന് എന്തെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളിൽ ഇല്ലാത്ത 30 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29-5-2013-ലെ സ.ഉ (എം.എസ്) നം 230/13/റവന്യൂ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതിയിൽ നടപ്പിലാക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന വില്ലേജുകളെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകളെയും ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യം കൈവരിക്കാൻ കഴിയുന്നതാണ്. കൂടാതെ ടി പദ്ധതി പ്രാവർത്തികമായി കൂടുതൽ വില്ലേജുകൾ നിലവിൽ വരുന്നതോടെ നാളിതുവരെ നിലവിലുണ്ടായിരുന്ന ഭരണപരമായ അസൗകര്യങ്ങളും ജനങ്ങളുടെ യാത്രാക്ലേശവും ഒഴിവാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുമുള്ളതുമായ സേവനം പ്രദാനം ചെയ്യുവാനും കഴിയുന്നതാണ്.

സർവ്വകലാശാലകളുടെ പ്രവർത്തന കലണ്ടർ

30 (*270) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ പ്രവേശനം മുതൽ പരീക്ഷവരെയുള്ള പ്രവർത്തനം സംബന്ധിച്ച കലണ്ടർ പ്രസിദ്ധീകരിക്കാറുണ്ടോ ;

(ബി) ഇതിന് സംസ്ഥാനത്ത് ഏകീകൃത സ്വഭാവമുണ്ടോ ;

(സി) പ്രവേശനവും പരീക്ഷകളും യഥാസമയം നടത്താത്തതു കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിനകത്തും പുറത്തും ഉപരിപഠനത്തിനും ജോലി ലഭ്യതയ്ക്കും തടസ്സങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനവും ബിരുദസർട്ടിഫിക്കറ്റുകളുടെ വിതരണവും അനന്തമായി നീളുന്നത് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക ഉണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly